# പതിമൂന്നാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം 66 — 12.06.2013 ൽ മറുപടിക്ക്

## ടൂറിസം മേഖല കൂടുതൽ ആകർഷകമാക്കാൻ പദ്ധതികൾ

**ചോദ്യം**

ശ്രീ. എൻ.ജയരാജ്
ശ്രീ. എം.വി.ശ്രേയാംസ് കുമാർ
ശ്രീ. റോഷി അഗസ്റ്റിൻ
ശ്രീ. പി.സി.ജോർജ്

എ) ടൂറിസം മേഖല കൂടുതൽ ആകർഷകമാക്കാൻ ആവിഷ്ക്കരിച്ച കർമ്മ പരിപാടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ ;

**ഉത്തരം**

ശ്രീ. എ.പി.അനിൽകുമാർ
(ബഹു.പട്ടികജാതി - പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പു മന്ത്രി)

എ) ടൂറിസം കേന്ദ്രങ്ങളിലെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് പുതിയ കേന്ദ്രങ്ങൾ വികസിപ്പിക്കുന്നതിനും നമ്മുടെ പാരമ്പര്യത്തിനും സംസ്ക്കാരത്തിനും അനുയോജ്യമായ പുതിയ ടൂറിസം ഉൽപ്പന്നങ്ങൾ കണ്ടെത്തി വികസിപ്പിക്കുന്നതിനും ദേശീയ അന്തർദേശീയ വിപണികളിൽ കേരള ടൂറിസത്തെ വിപണനം ചെയ്യുന്നതിനും, മാനവ ശേഷി വികസനത്തിലൂടെ ഉന്നത നിലവാരത്തിലുള്ള സേവനം ഉറപ്പു വരുത്തുന്നതിനും തദ്ദേശ വാസികൾക്ക് നേരിട്ട് ഗുണഫലം ലഭ്യമാക്കി ടൂറിസം വികസനത്തിനുള്ള പിന്തുണ ഉറപ്പാക്കുന്നതിനും സ്വകാര്യ സംരംഭകരെ പ്രോത്സാഹിപ്പിക്കുന്നതിനുമുള്ള വിവിധ കർമ്മ പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പാക്കി വരുന്നു. കൂടാതെ അന്താരാഷ്ട്ര വിനോദ സഞ്ചാരികളെ കേരളത്തിലേയ്ക്ക് കൂടുതലായി ആകർഷിക്കുന്നതിനായി അന്താരാഷ്ട്ര വ്യാപാരമേള, റോഡ് ഷോ എന്നിവയും ആഭ്യന്തര വിനോദ സഞ്ചാരം പരിപോഷിപ്പിക്കുന്നതിനായി ദേശീയ വ്യാപാര മേള, റോഡ് ഷോ എന്നിവയും നടത്തിവരുന്നു. ഡ്രീം സീസൺ എന്ന പേരിൽ ഏപ്രിൽ മുതൽ സെപ്റ്റംബർ വരെ നീണ്ടു നിൽക്കുന്ന പദ്ധതി ആവിഷ്ക്കരിച്ചു നടപ്പാക്കിവരുന്നു. വിവിധ ദൃശ്യ-ശ്രവ്യ മാധ്യമങ്ങൾ, കമ്പ്യൂട്ടർ, ഇന്റർനെറ്റ്, ഫേസ്ബുക്ക് തുടങ്ങി ഡിജിറ്റൽ സംവിധാനങ്ങൾ മുഖേനയുള്ള പരസ്യങ്ങളിലൂടെയും.

സംസ്ഥാന പ്രാദേശിക തലങ്ങളിൽ ഓണം വാരാഘോഷം, ഉത്സവം, നിശാഗന്ധി നൃത്തോത്സവം തുടങ്ങിയ പരിപാടികൾ സംഘടിപ്പിച്ചും വിദേശ സഞ്ചാരികളെ ആകർഷിക്കുന്നതിനുള്ള ശ്രമങ്ങൾ നടത്തിവരുന്നു.

| | | | |
|---|---|---|---|
| ബി) | പ്രസ്തുത മേഖലയുടെ വികസനത്തിന് ഈ സർക്കാർ അധികാരമേറ്റ ശേഷം നടപ്പാക്കിയിട്ടുള്ള പദ്ധതികൾ എന്തെല്ലാമാണ് ; | ബി) | ടൂറിസം മേഖലയുടെ വികസനത്തിന് അടിസ്ഥാന സൗകര്യ വികസനത്തിലും വിപണനത്തിലും മാനവ ശേഷി വികസനത്തിനും വേണ്ടി നൂതനങ്ങളായ നിരവധി പദ്ധതികൾക്ക് രൂപം നൽകുകയും നടപ്പാക്കുകയും ചെയ്തിട്ടുണ്ട്. |
| സി) | മെച്ചപ്പെട്ട അടിസ്ഥാന സൗകര്യങ്ങളുടെ വികസനവും നിക്ഷേപ പ്രോത്സാഹനവും നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശങ്ങൾ നൽകുമോ ? | സി) | ഉണ്ട്. അടിസ്ഥാന സൗകര്യ വികസനത്തിനാണ് പ്രഥമ പരിഗണന നൽകുന്നത്. ടൂറിസം മേഖലയിലെ സ്വകാര്യ നിക്ഷേപം പ്രോത്സാഹിപ്പിക്കുന്നതിന് കേരള ടൂറിസം ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡ് (കെ.റ്റി.ഐ.എൽ) എന്ന കമ്പനി രൂപീകരിച്ച് പ്രവർത്തിച്ചുവരുന്നു. സീപ്ലെയിൻ അടക്കം സ്വകാര്യ മേഖലയുമായി സഹകരിച്ച് നടപ്പാക്കുന്ന പദ്ധതികൾ കെ.റ്റി.ഐ.എൽ ആണ് ഏറ്റെടുത്ത് നടത്തുന്നത്. |

സെക്ഷൻ ഓഫീസർ